(ബി) വിളയും പദ്ധതിയും അടിസ്ഥാനപ്പെടുത്തിയാണ് മാനദണ്ഡം നിശ്ചയിക്കുന്നത്.

(സി) പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെ, ഒൻപത് ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ലാബുകൾ ഉണ്ട്.

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള നാഷണൽ പ്രോജക്ട് ഓൺ സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി പ്രകാരം പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കാസർഗോഡ് ജില്ലകൾക്കും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകൾ വാങ്ങിയിട്ടുണ്ട്.

(ഇ) നിലവിൽ 64 ബ്ലോക്കുകളിൽ മാതൃകാ കൃഷി സ്ഥലങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട് ഓരോ ബ്ലോക്കിനും 10,000 രൂപ വീതം ഇതിനായി ചെലവഴിക്കുന്നു.

കീടനാശിനികളുടെ അമിത ഉപയോഗം

258 (1230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും അപകടകരങ്ങളായ കീടനാശിനികൾ നിരോധിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ബന്ധപ്പെട്ട കൃഷി ഓഫീസറുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമേ മാരകമായ കീടനാശിനികളുടെ പ്രയോഗം നടത്താവൂ എന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വകുപ്പിൽ നിന്നും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി വിൽപ്പന നടത്താവൂ എന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 22/2011 എന്ന ഉത്തരവ് 17-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൂടാതെ അമിത വിഷ വീര്യമുള്ള ചുവപ്പ്, മഞ്ഞ എന്നീ ലേബലുകളിൽ വിപണനം നടത്തുന്ന കീടനാശിനികളുടെ ഉപയോഗം കാസർഗോഡ് ജില്ലയിൽ പൂർണ്ണമായും നിരോധിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 310/2010/കൃഷി തീയതി 2-12-2010 നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പഞ്ചായത്തു തലത്തിലും നിലവിലുള്ള കൃഷിഭവൻ അഗ്രിക്കൾച്ചറൽ ഓഫീസർക്കാണ് ആ പഞ്ചായത്തിലെ കീടനാശിനി ഇൻസ്പെക്ടറുടെ ചുമതല. കൃഷിഭവൻ ഓഫീസറുടെ നിർദ്ദേശവും കുറിപ്പടിയും അനുസരിച്ച് മാത്രം കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി തീയതി 17-1-2011 പ്രകാരം നൽകിയിട്ടുണ്ട്.

(സി) കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി വിൽപ്പന നടത്തുവാൻ പാടുള്ളൂ എന്നുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്കും കീടനാശിനി ഡിപ്പോ ഡീലർമാർക്കും കാർഷികമേഖലയുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിനെപ്പറ്റി കർഷകർക്കും കർഷക തൊഴിലാളികൾക്കും കീടനാശിനി വിൽപ്പന നടത്തുന്നവർക്കും നോട്ടീസ് വിതരണം നടത്തിയും പോസ്റ്ററുകൾ പ്രദർശിപ്പിച്ചും ബോധവൽക്കരണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാല നടപ്പിലാക്കിയ പുതിയ പദ്ധതികൾ

259 (1231) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാല ആഭ്യന്തരവരുമാനം വർദ്ധിപ്പിക്കാനായി പുതിയ ഉൽപ്പാദനപരമായ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ വ്യാവസായികാടിസ്ഥാനത്തിൽ കുപ്പിവെള്ളനിർമ്മാണം നടത്തണമെന്ന് നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ അർപ്പിത ചുമതലകൾക്കു പുറമേ സർവ്വകലാശാലയുടെ കൃഷി സ്ഥലങ്ങളും (ഗവേഷണത്തിനും പരിശീലനത്തിനും ആവശ്യമായ സ്ഥലം ഒഴികെ) വിഭവങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- വിത്തുകൾ, നടീൽ വസ്തുക്കൾ, മീൻ കുഞ്ഞുങ്ങൾ, കന്നുകുട്ടികൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവയുടെ ഉല്പാദനവും വിപണനവും

LIBRARY ARCHIVES Kerala Legislative Assembly